**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166** **10-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം വില്ലേജിൽ ബ്ലോക്ക് നം. 17 ൽ റീ.സർവ്വേ നം. 6-72/6 ൽ പ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമി സ.ഉ(എം.എസ്) 193/17/ റവന്യൂ തീയതി 13.06.2017 പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്ലാൻ പാലക്കാട് ജില്ല ഫയർ ഓഫീസർ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കെട്ടിടത്തിന്റെ പ്ലാനും, 7.59 കോടി രൂപയുടെ എസ്റ്റിമേറ്റും ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ് |
| (സി) | പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം വാടകക്കെട്ടിടത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ? | (സി) | ആലത്തൂർ നിലയ പ്രവർത്തനം കുനിശ്ശേരി എന്ന സ്ഥലത്ത് താൽക്കാലിക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി വാടക നിശ്ചയിച്ച് ലഭിക്കുന്നതിനായി സ്റ്റാൻഡേർഡ് റെന്റ് ഫിക്സേഷൻ പ്രൊഫോർമ, പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകയ്ക്ക് സ്റ്റേഷന് പുതുതായി കെട്ടിടം ലഭ്യമാകുന്നത് വരെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ടുള്ള കെട്ടിട ഉടമയുടെ സമ്മതപത്രം, കെട്ടിടത്തിന്റെ കാലപ്പഴക്ക നിർണ്ണയ സർട്ടിഫിക്കറ്റ്, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഭൂവിലസാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നതിന് കെട്ടിട ഉടമസ്ഥന് തപാൽ മുഖേനയും നേരിട്ടും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ